# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4625** **13.11.2019-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള സഹായങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ടി. വി. ഇബ്രാഹിം : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ /സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് 25,000/- രൂപയായി ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ കൂടി ഉൾപ്പെടുത്തിക്കൊണ്ടും അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തികൊണ്ടും ഉത്തരവായിട്ടുണ്ട്. 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റൊരാനുകൂല്യം.<br>ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന "അപ്നാഘർ" പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഹോസ്റ്റൽ മാതൃകയിലുള്ള പാർപ്പിടസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കി താമസക്കാർക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. 620 തൊഴിലാളികൾ നിലവിൽ ഇവിടെ താമസിച്ചുവരുന്നു. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. |

ഇതര സംസ്ഥാനങ്ങളിൽ നിന്നു വന്നു പ്രവൃത്തിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരണാനന്തര ആനുകൂല്യം, അപകടമരണ ധനസഹായം, ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം, ചികിത്സാ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, പ്രസവ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നു.

സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ 'ശ്രമിക് ബന്ധു' എന്ന പേരിൽ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഫെസിലിറ്റേഷൻ സെന്റർ ഈ മാസം പ്രവർത്തനമാരംഭിക്കും.

(ബി) സംസ്ഥാനത്ത് വെച്ച് മരണപ്പെടുന്ന പ്രസ്തുത തൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കാൻ സർക്കാർ സാമ്പത്തിക സഹായമോ വാഹന സൗകര്യമോ നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്തിനകത്തുവെച്ച് മരണമടയുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളുടെയും ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി വരുന്ന ചെലവിലേക്ക് അംഗത്തിന്റെ അവകാശികൾക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ അല്ലെങ്കിൽ പരമാവധി 50,000/- രൂപയോ ഏതാണ് കുറവ് അത് നൽകി വരുന്നുണ്ട്. തൊഴിൽ വകുപ്പിലെ

| | | | |
|---|---|---|---|
| | | | ജില്ലാ ലേബർ ഓഫീസർ മുഖേനയാണ് നടപ്പിലാക്കുന്നത്. ആയതിനുള്ള ചെലവ് വഹിക്കുന്നതിനായി കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ നിന്ന് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ച് എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളാകുന്ന കേസുകളുടെ എണ്ണം പെരുകിവരുന്ന സാഹചര്യത്തിൽ അവർക്കിടയിൽ ഏതെങ്കിലും തരത്തിലുള്ള ബോധവൽക്കരണ പരിപാടി നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ആരോഗ്യ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ടി ക്ലാസുകളിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് ഉതകുന്ന ബോധവത്കരണവും നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ.